# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 4830/11/12/2023/ TVM**

പരാതികക്ഷി : മിനിമോൾ.വി,കുന്നുവിള പുത്തൻ വീട്
പുലിയൂർക്കോണം,പയറ്റുവിള,കോട്ടുകാൽ
തിരുവനന്തപുരം

എതിർകക്ഷി - തങ്കരാജി.സി,ചരിവുവിള വീട്,പയറ്റുവിള

**മുതൽപേർ**

**ഉത്തരവ് തീയതി 09.05.2024**

എതിർകക്ഷികളുടെ സ്വാധീനഫലമായി വിഴിഞ്ഞം പോലീസ് കളവായി കേസ്സിൽപ്പെടുത്തി റിമാൻറ് ചെയ്യിപ്പിച്ചുവെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി സംഗതിയിൽ വിഴിഞ്ഞം സ്റ്റേഷൻ ഹൗസ് ഓഫീസർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ പരാതികക്ഷിക്ക് ടിയാളുടെ സ്വന്തം പിതാവ് കുടുംബ ഷെയർ വസ്തു കൊടുത്തത് കുറഞ്ഞുപോയി എന്നു മറ്റും പറഞ്ഞും നിരന്തരം പരാതികൾ സ്റ്റേഷനിൽ തന്നിട്ടുള്ളതും, 73 വയസ് പ്രായം കഴിഞ്ഞ അച്ഛനെതിരെ ഈ പരാതിയിലെ പരാതികക്ഷിയും ടിയാളുടെ മകളും പീഢനശ്രമം ആരോപിച്ച് പല സ്ഥലങ്ങളിലും പരാതികൾ കൊടുത്തിട്ടുള്ളതും അന്വേഷണത്തിൽ പീഢന ശ്രമം നടന്നതായി പോലീസിന് വിശ്വസിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണെന്നും, മാത്രമല്ല പരാതികക്ഷി നാട്ടുകാർക്കിടയിൽ സ്ഥിരം പ്രശ്നക്കാരിയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണെന്നും, കൂടാതെ സ്വന്തം അച്ഛൻെറ തല അടിച്ചുപൊട്ടിച്ചതിന് ടിയാൾക്കെതിരെ വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം 721/2022 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ടിയാളെ അറസ്റ്റ് ചെയ്ത് റിമാൻറ് ചെയ്തിട്ടുള്ളതും, ടി കേസ് അന്വേഷണം പൂർത്തിയാക്കി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് കോടതിയുടെ പരിഗണനയിലാണെന്നും റിപ്പോർട്ടിൽ കാണുന്നു.

കൂടാതെ അയൽവാസിയായ കൃഷ്ണൻകുട്ടിനായർ മകൻ അജയകുമാറിൻെറ വീട്ടിൽ അതിക്രമിച്ച് കയറി കമ്പിവടികൊണ്ട് അജയകുമാറിനെ അടിച്ച് പരിക്കേൽപ്പിച്ച സംഭവത്തിൽ

പരാതികക്ഷിയെ പ്രതിയാക്കി വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം 1247/2022 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയതും കോടതിയുടെ പരിഗണനയിലാണെന്നും, പരാതികക്ഷിയെയും ടിയാളുടെ മകനെയും പ്രതിയാക്കി മറ്റ് രണ്ട് കേസുകളിലും അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം നൽകിയിട്ടുള്ളതായും പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. പരാതികക്ഷിക്കെതിരെ വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതായും ആയത് കോടതിയുടെ പരിഗണനയിൽ ആണെന്നും കാണുന്നു. കുററപ്പത്രം കോടതിയിൽ സമർപ്പിച്ചതിനാൽ കുററപ്പത്രത്തെപ്പററി ആക്ഷേപം ഉണ്ടെങ്കിൽ പരാതിക്കാരി ഇക്കാര്യം കോടതിയിൽ ബോധ്യപ്പെടുത്തി പരാതിക്ക് പരിഹാരം തേടാവുന്നതാണ്. പരാതി അവസാനിപ്പിക്കുന്നു.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ